പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 576

07-1-2014-ലെ മറുപടിയ്ക്ക്

ഭക്ഷ്യ സുരക്ഷാ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ .കെ.വി.അബ്ദുൾ ഖാദർ | | ബഹു: ധനകാര്യ വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | ഭക്ഷ്യ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് പ്രതിവർഷം എന്ത് തുകയുടെ അധിക ബാധ്യത ഉണ്ടാകുമെന്ന് വെളിപ്പെടുത്താമോ; | ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ തത്വത്തിൽ തീരുമാനിച്ച് 02.12.2013 ലെ സ.ഉ (കൈ) നം. 53/13/ഭ.സി.സ.വ നം. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഇതുവരെ രൂപീകരിച്ചിട്ടില്ല. എന്നിരുന്നാലും ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടനുബന്ധിച്ച് വരുന്ന സാമ്പത്തിക ബാദ്ധ്യത സംബന്ധിച്ച ഏകദേശ കണക്കുകൾ താഴെപ്പറയും പ്രകാരമാണ്.<br><br>നിലവിലെ പൊതുവിതരണ സമ്പ്രദായ പ്രകാരം സംസ്ഥാന സർക്കാരിന് 2013-14 സാമ്പത്തിക വർഷത്തിൽ സബ്സിഡി, വ്യാപാരികൾക്കുള്ള കമ്മീഷൻ ഇനത്തിൽ ചെലവാക്കേണ്ടിവരുന്നത് ഏകദേശം 644.6 കോടി രൂപയാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കേണ്ടി വരുമ്പോൾ മുൻഗണനാ വിഭാഗത്തിൽപെടുന്ന 154.8 ലക്ഷം പേർക്ക് 3 രൂപയ്ക്ക് അരിയും 2 രൂപയ്ക്ക് ഗോതമ്പും വിതരണം ചെയ്യേണ്ടി വരും. കേന്ദ്രസർക്കാർ നൽകുന്ന അതേ നിരക്കിൽ വിതരണം ചെയ്താൽ സംസ്ഥാന സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത 101.36 കോടി രൂപയാണ്. നിലവിലെ രീതിയിൽ ബി.പി.എൽ., എ.എ.വൈ. വിഭാഗത്തിന് 1 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നുണ്ട്. ടി രീതിയിൽ തുടർന്നും മുൻഗണനാ വിഭാഗത്തിന് അരി വിതരണം ചെയ്താൽ സംസ്ഥാന സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഏകദേശം 263.5 കോടി രൂപയാണ്. കൂടാതെ ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം ധാന്യങ്ങളുടെ ഡോർ സ്റ്റെപ് ഡെലിവറിക്ക് |

| | | |
|---|---|---|
| | | 256.1 കോടി രൂപയും ചെലവ് വരുന്നതാണ്. ഗോഡൗണുകളുടെ നിർമ്മാണവും സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. |
| (ബി) | ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികളുടെ ചെലവ് സംസ്ഥാനം വഹിക്കേണ്ടതായിട്ടുണ്ട്; നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ; | ഭക്ഷ്യ സുരക്ഷാ നിയമം വകുപ്പ് 15 പ്രകാരം ഡിസ്ട്രിക്റ്റ് ഗ്രീവൻസ് റെഡ്രസ്സൽ ഓഫീസർമാരുടെ നിയമനം, വകുപ്പ് 16 പ്രകാരമുള്ള സംസ്ഥാന ഫുഡ് കമ്മീഷൻ നിയമനം വകുപ്പ് 24,27 പ്രകാരം ഭക്ഷ്യധാന്യങ്ങൾ ഡോർ സ്റ്റെപ് ഡെലിവറി, ഭക്ഷ്യധാന്യം നൽകാൻ കഴിയാതെ വന്നാൽ ഫുഡ് സെക്യൂരിറ്റി അലവൻസ് നൽകൽ, ഗോഡൗണുകളുടെ നിർമ്മാണം, സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുകളുടെ ശക്തിപ്പെടുത്തൽ, വിജിലൻസ് കമ്മിറ്റികളുടെ രൂപീകരണം മുതലായ പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാണ്. കൂടാതെ, മുലയൂട്ടുന്ന അമ്മമാർ, 14 വയസ്സിൽ താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണം, 6 മാസം മുതൽ 6 വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് ലോക്കൽ അംഗൻവാടി മുഖേന അനുയോജ്യമായ ഭക്ഷണം നൽകൽ, 8-ാം ക്ലാസ് വരെ അല്ലെങ്കിൽ 6 മുതൽ 14 വയസ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകൽ, പോഷകാഹാര കുറവുള്ള കുട്ടികൾക്ക് ലോക്കൽ അംഗൻവാടികൾ മുഖേന പോഷകാഹാരം നൽകൽ, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രസവാനന്തരം 6 മാസം വരെ ലോക്കൽ അംഗൻവാടി മുഖേന സൗജന്യമായി പോഷക സമൃദ്ധമായ ആഹാരം നൽകൽ, 6000 രൂപയിൽ കുറയാതെയുള്ള പ്രസവാനുകൂല്യം കേന്ദ്രഗവൺമെന്റ് നിർദ്ദേശിക്കുന്ന തവണ വ്യവസ്ഥയിൽ നൽകൽ എന്നിവയുടെ ബാധ്യതയും സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച വിഷയങ്ങൾ നിലവിൽ സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ അധികാര പരിധിയിൽപ്പെട്ടതാണ്. |
| (സി) | മുലയൂട്ടുന്ന അമ്മമാർ, 14 വയസ്സിന് താഴെയുള്ള കുട്ടികൾ, എന്നിവരുടെ പോഷകാഹാര വിതരണത്തിനും സമഗ്ര ശിശു വികസന പരിപാടിക്കും എന്തു തുക വീതം പ്രതിവർഷം ചെലവ് പ്രതീക്ഷിക്കുന്നു; | മുലയൂട്ടുന്ന അമ്മമാർ, ഗർഭിണികൾ, 6 വയസ്സു വരെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ പോഷകാഹാര വിതരണത്തിനും സമഗ്ര ശിശുവികസന പരിപാടിക്കുമായി പ്രതിവർഷം 731.27 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |

| | | |
|---|---|---|
| (ഡി) | ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രസവാനുകൂല്യം നൽകുവാനുള്ള ചെലവ് എത്ര; | സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതി പ്രകാരമാണ് ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പ്രസവാനുകൂല്യമായി 4000 രൂപ വീതം നൽകി വരുന്നത്. ഈ വർഷം ഈ പദ്ധതിയ്ക്കായി 13.56 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| (ഇ) | തന്നാണ്ടിൽ പ്രസ്തുത ഇനങ്ങളിൽ മൊത്തം എന്തു തുക സംസ്ഥാനം വകയിരുത്തേണ്ടതായിട്ടുണ്ട്;<br>ആയതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | തന്നാണ്ടിൽ ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട ഇനങ്ങളിൽ സംസ്ഥാനം വകയിരുത്തിയ തുക താഴെപ്പറയും പ്രകാരമാണ്.<br>സംയോജിത ഭക്ഷ്യവിള ഉൽപ്പാദനം എന്ന പദ്ധതിയിൽ താഴെ പറയുന്ന ഇനങ്ങളിലായി 112.50 കോടി രൂപ (സംസ്ഥാന പദ്ധതി) വകയിരുത്തിയിട്ടുണ്ട്.<br>(i) നെല്ല് വികസനം - 50.00 കോടി<br>(ii) പച്ചക്കറി വികസനം - 62,25 കോടി<br>(iii) പയറുവർഗ്ഗ വികസനം - 0.25 കോടി<br>ആകെ = 112.50 കോടി<br><br>തന്നാണ്ടിൽ മുലയൂട്ടുന്ന അമ്മമാർ, 6 വയസ്സ് വരെയുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ പോഷകാഹാര വിതരണത്തിനും, സമഗ്ര ശിശു വികസന പരിപാടിക്കും, കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പദ്ധതിക്കുമായി 751.27 കോടി രൂപ വകയിരുത്തേണ്ടതുണ്ട്.<br>ഇതിൽ 589.77 കോടി രൂപ സംസ്ഥാനം വകയിരുത്തിയിട്ടുണ്ട്. 41.5 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ കണ്ടെത്തുന്ന കാര്യം പരിഗണനയിലാണ് |

സെക്ഷൻ ഓഫീസർ